## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3062** **07.11.2019 -ൽ മറുപടിയ്ക്ക്**

## ദേശീയ വിദ്യാഭ്യാസ നയം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി. തോമസ്**<br>**ശ്രീ. കെ.സി.ജോസഫ്**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.വി.ടി.ബൽറാം** | | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തിന്റെ ഏതെങ്കിലും അവകാശങ്ങളിലേക്കുള്ള കടന്നു കയറ്റമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | കേന്ദ്ര സർക്കാർ പുതിയ ദേശീയ വിദ്യാഭ്യാസ നയം പ്രഖ്യാപിച്ചിട്ടില്ല. പുതിയ വിദ്യാഭ്യാസ നയം ഉണ്ടാക്കുന്നതിന്റെ ഭാഗമായി കരട് രേഖ ചർച്ചയ്ക്കായി പൊതു സമൂഹത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ഉയർന്നുവരുന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് നയരേഖയാക്കി ലഭ്യമാക്കുന്ന മുറയ്ക്കേ ഇത് സംബന്ധിച്ച അഭിപ്രായം രൂപീകരിക്കാൻ കഴിയുകയുള്ളൂ. |
| ബി) കരട് നയത്തിന്റെ പകർപ്പ് മലയാളത്തിൽ ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള പ്രതികരണം എന്താണെന്ന് വെളിപ്പെടുത്താമോ? | ബി) | കരട് വിദ്യാഭ്യാസ നയരേഖ ഇംഗ്ലീഷിലും,ഹിന്ദിയിലുമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പിന്നീട് ഇതിന്റെ സംഗ്രഹം മലയാളമുൾപ്പെടെ ഏതാനും ഭാഷകളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ രേഖയുടെ പൂർണ്ണരൂപം എട്ടാം ഷെഡ്യൂളിലുള്ള മുഴുവൻ ഭാഷകളിലേക്കും തർജ്ജമ ചെയ്ത് പ്രസിദ്ധീകരിക്കണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ